# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3002 — 10.03.2017 ൽ മറുപടിയ്ക്ക്

## കടിയേറ്റ കർഷകർക്ക് ഉപാധിരഹിത പട്ടയം

**ചോദ്യം**

**ശ്രീ.എസ്.രാജേന്ദ്രൻ**
**ശ്രീ.ആന്റണി ജോൺ**
**ശ്രീ.കെ.സുരേഷ് കുറുപ്പ്**
**ശ്രീ.ഒ.ആർ.കേളു**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഇടുക്കിയിലും മറ്റ് മലയോര മേഖലയിലും 01/01/1997- ന് മുമ്പ് കടിയേറിയ കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) ഇടുക്കി ജില്ലയിൽ 01/01/1997 ന് മുമ്പ് കടിയേറിയ കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. |
| (ബി) | റവന്യൂ,വനം എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ; | (ബി) 01/01/1977-ന് മുമ്പുള്ള കടിയേറ്റങ്ങൾക്ക് പട്ടയം നൽകുന്നതിനായി റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്. |
| (സി) | ഇടുക്കി ജില്ലയിൽ വീട് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കാൻ നടപടിയുണ്ടാകുമോ? | (സി) ബഹു.കേരള ഹൈക്കോടതിയുടെ WP(C) 1801/2010, WP(C) - 34095/2010 എന്നീ കേസുകളിലെ 21/01/2010 ലെ വിധിയുത്തരവിൽ ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ അധികാരപരിധിയിൽ വരുന്ന ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺ വാലി എന്നീ 8 വില്ലേജുകളാണ് മൂന്നാർ പ്രദേശം എന്ന് കണക്കാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

| | | |
|---|---|---|
| | | സ്വന്തം താമസത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സിയ്ക്കായി ലഭിയ്ക്കുന്ന അപേക്ഷകൾ പരിഗണിയ്ക്കാനും അർഹരായവർക്ക് എൻ.ഒ.സി നൽകാനും ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഭൂമിയുടെ പട്ടയം, പട്ടയത്തിന്റെ നിജസ്ഥിതി, ടി ഭൂമിയിൽ അപ്രകാരമുള്ള നിർമ്മാണം അനുവദനീയമാണോ എന്നീ സംഗതികൾ പരിഗണിച്ചാണ് അപേക്ഷകളിൽ തീർപ്പ് കല്പിപ്പിക്കുന്നത്. അർഹരായ എല്ലാ അപേക്ഷകർക്കും വാസഗൃഹങ്ങൾക്കുള്ള നിർമ്മാണാനുമതി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ